കാസർഗോഡ് ജില്ലയിലെ ഹരിയാലി പദ്ധതി

218 [2712] ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ഹരിയാലിയിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിന്നും ഏതെങ്കിലും പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിയാലി പദ്ധതി പ്രകാരം സംസ്ഥാനത്തെ മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലകളിൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി—ഇ) കാസർഗോഡ് ജില്ലാ ഗ്രാമവികസന ഏജൻസിയിൽനിന്നും ഹരിയാലി ഗൈഡ്ലൈൻ പ്രകാരം, 19507 ഹെക്ടർ തരിശുഭൂമിയുടെ വികസനം ലക്ഷ്യമിട്ട് 1054.86 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതിനിർദ്ദേശം 28-8-2003-ൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ ലഭിക്കുകയും പ്രസ്തുത പദ്ധതിയിൽ ചില ന്യൂനതകൾ ഗ്രാമ വികസന കമ്മീഷണറേറ്റ് തലത്തിൽ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിനായി കാസർഗോഡ് ജില്ലാ ഗ്രാമവിസന ഏജൻസിക്ക് തിരിച്ചയയ്ക്കുകയും ചെയ്തു. ജില്ലാ ഗ്രാമ വികസന ഏജൻസിയിൽ നിന്നും 23-10-2003-ന് പ്രസ്തുത പദ്ധതി നിർദ്ദേശം പുനഃസമർപ്പിക്കുകയും 31-10-2003-ന് പദ്ധതി സർക്കാരിന്റെ അംഗീകാരത്തിനായി ഗ്രാമ വികസന കമ്മീഷണർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള പരിശോധനയിൽ പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ, ഈ ന്യൂനതകൾ പരിഹരിച്ച് വിശദമായ പുതുക്കിയ പദ്ധതിനിർദ്ദേശം പുനഃസമർപ്പിക്കുവാൻ 14-6-2004-ന് ഗ്രാമവികസന കമ്മീഷണർക്ക് തിരിച്ചയയ്ക്കുകയും, വേണ്ട മാറ്റങ്ങൾ വരുത്തി പദ്ധതി പുനഃസമർപ്പിക്കുവാൻ 2-7-2004-ൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും കാസർഗോഡ് ജില്ലാ ഗ്രാമവികസന ഏജൻസിക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2486, 2593, 2594, 2595, 2637 എന്നിവയുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly